ഐ.വി.ഒ.3/67/2025

തീയതി 18.06.2025

ഇന്റേണൽ വിജിലൻസ് ഓഫീസർ- 3
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഇടുക്കി

**ശ്രീ ഷാജു സെബാസ്റ്റ്യൻ, കോഴിക്കോട്ട് ഹൌസ് , കടനാട് പിഒ TLIDK30601000037 Docket No സമർപ്പിച്ച അപേക്ഷയിൻ മേൽ സ്വീകരിച്ച തീരുമാനം**

അറക്കുളം ഗ്രാമപഞ്ചായത്തിൽ 3/367A, 3/367B, 3/367C, 3/367D, 361/A, 361/B, 361/C എന്നീ നമ്പർ കെട്ടിടങ്ങളിൽ ഒഴാങ്കൽ പൌൾട്ടി ഫാം, ഹൈറേഞ്ച് വാലി പൌൾട്ടി ഫാം എന്ന പേരുകളിൽ പൌൾട്ടി ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ശ്രീ ഷാജു സെബാസ്റ്റ്യൻ, കോഴിക്കാട്ട് ഹൌസ്, കടനാട് പി ഒ എന്നയാൾ 01.04 2025 തീയതിയിൽ സമർപ്പിച്ച അപേക്ഷയിൽ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 03.05.2025 ൽ 1329150-2025 നമ്പറായി അപേക്ഷകന് നൽകിയ മറുപടി അദാലത്ത് സമിതി പരിശോധിച്ചു. ശ്രീ ഷാജു സെബാസ്റ്റ്യന്റെ ലൈസൻസ് അപേക്ഷ 5 കാരണങ്ങൾ കാണിച്ച് സെക്രട്ടറി നിരസിച്ചിട്ടുണ്ട്. ടി 5 കാരണങ്ങളും താഴെ പറയുന്ന പ്രകാരം അദാലത്ത് സമിതി സൂക്ഷ്മമായി പരിശോധിച്ചു.

**1 ബഹു. ഇടുക്കി സബ് കളക്ടറുടെ 08.08.2024 തീയതിയിലെ RDOIDK/943.2024-A2 നമ്പർ കത്ത് പ്രകാരം ടി ഫാമിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതാണ്. ടി ഉത്തരവ് നിലനിൽക്കുന്നതിനാൽ ആയത് അനുസരിച്ച് ഫാമിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്.**

**<u>അദാലത്ത് നിർദേശം</u>**

ബഹു ഇടുക്കി സബ് കളക്ടർ മുമ്പാകെയുള്ള പരാതിയിൽ ഭാരതീയ ന്യായ സംഹിത സെക്ഷൻ 157 പ്രകാരം ശ്രീ ഷാജു സെബാസ്റ്റ്യൻ മറുപടി നൽകിയിട്ടുള്ളതാണ്.ഇതിൽ സബ് കളക്ടറുടെ ക്ലിയറൻസ് വാങ്ങേണ്ടതാണ്.

**2 1993 ലെ പട്ടയപ്രകാരം കൈവശാവകാശം ലഭിച്ചിട്ടുള്ള ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള പൌൾട്ടി ഫാം നടത്തുന്നത് ഭൂപതിവ് ചട്ട പ്രകാരം അനുവദനീയമല്ല.**

**<u>അദാലത്ത് നിർദേശം</u>**

നിലവിൽ അറക്കുളം ഗ്രാമപഞ്ചായത്തിൽ നിന്ന് നമ്പറിട്ട് നൽകിയിട്ടുള്ള 3/361 A . 3/361B, 3/361C, 3/367A, 3/367B, 3/367C and 3/367D എന്നീ കെട്ടിടങ്ങളിൽ കോഴികളെ വളർത്തുന്നതിന് 31.03.2024 വരെ ലൈസൻസ് നൽകിയിരുന്നു. ടി കോഴിഫാമിന് 30.11.2028 വരെ Pollution Control Board നിന്നും KSPCB/ID/ICO/10048054/Expansion/2024 and KSPCB/ID/ICO/10048053/Expansion/2024 പ്രകാരം Consent നൽകിയിട്ടുണ്ട്. 02.04.2025 ലെ 170/2025ാം നമ്പരിലുള്ള ഇടുക്കി വില്ലേജ് ഓഫീസറുടെ ടി ഫാം സംബന്ധിച്ച് സ്ഥല പരിശോധന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗവും ചുവടെ ചേർക്കുന്നു

''സ്ഥലപരിശോധനയിൽ ടി പുരയിടമായി കാണുന്ന സ്ഥലത്ത് ടി ഫാമിന്റെ ആവശ്യത്തിലേക്ക് നിർമ്മിച്ചിട്ടുള്ള ജലസംഭരണികൾ അല്ലാതെ സ്വാഭാവികമായ ജലസ്രോതസ്സുകളോ,തണ്ണീർത്തടങ്ങളോ കാണുന്നില്ല. ടി ഫാമിലെ മാലിന്യങ്ങളോ, മലിനജലമോ, കുടിവെള്ളത്തിനോ ജലസ്രോതസ്സുകൾക്കോ ദോഷമാകത്തക്ക വിധം ഒഴുക്കി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കാഷ്ഠം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പ്രത്യേകം ചാക്കുകളിൽ ശേഖരിച്ച് കൃഷികൾക്കുള്ള വളമായി നനയാത്ത വിധം സൂക്ഷിക്കുന്നതും ചത്തു പോകുന്ന കോഴികളെ മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതി രേഖയിലെ വ്യവസ്ഥകൾ പ്രകാരം സംസ്കരിച്ചു വരുന്നതായും കാണുന്നു. പ്രസ്തുത സ്ഥലത്തിന്റെ സമീപ പ്രദേശങ്ങളിൽ വയലുകളോ, തോടുകളോ കാണുന്നില്ല. കൃഷി/ഫാം ആവശ്യത്തിലേക്ക് ഉപയോഗിച്ചു വരുന്ന ഭൂമിയിൽ പതിവ് ചട്ടങ്ങളുടെ ലംഘനമൊന്നും കാണുന്നില്ല.''

ഉപജില്ലാ അദാലത്ത് സമിതി കൺവീനർ IVO III, അംഗങ്ങളായ അസിസ്റ്റന്റ് ടൌൺ പ്ലാനർ, അസി. എഞ്ചിനീയർ (അസി. എക്സി. എഞ്ചിനീയർക്കു വേണ്ടി) അറക്കുളം ഗ്രാമപഞ്ചായത്ത്, അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ നടത്തിയ സംയുക്ത പരിശോധനയിലും ടി ഫാമുമായി ബന്ധപ്പെട്ട് മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടില്ല. 31..3 2024 നു ശേഷവും ടി ഫാം പ്രവർത്തിച്ചു വരുന്നതായി ബോദ്ധ്യപ്പെട്ടു. ടി സാഹചര്യങ്ങളും ബഹു സംസ്ഥാന സർക്കാരിന്റെ Ease of doing എന്ന പൊതുനയവും, ലൈസൻസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് കിട്ടുന്ന വരുമാനവും മുൻ നിറുത്തി ടി സ്ഥാപനത്തിന് ലൈസൻസ് നൽകേണ്ടതാണ്. നിലവിൽ നമ്പരിട്ട് ലൈസൻസോടുകൂടി പ്രവർത്തിച്ചു വന്നിരുന്ന ടി ഫാമിന് ഖണ്ഡിക (2) പ്രകാരമുള്ള തടസ്സം ഇപ്പോൾ ബാധകമാക്കേണ്ടതില്ല

3 പഞ്ചായത്തിലെ രേഖകൾ പ്രകാരം 3/367A നമ്പർ കെട്ടിടത്തിന് 499.25 ച. മീ വിസ്തൃതി ആണുള്ളതെങ്കിലും ഇതോടൊപ്പം 832.24 ച മീ കൂട്ടിച്ചേർത്ത് 1331.49 ച മീ വിസ്തൃതി ആക്കിയിട്ടുള്ളതും 3/367B നമ്പർ കെട്ടിടത്തിന് 499.25 ആണുള്ളതെങ്കിലും ഇതോടൊപ്പം 1337.75 ച. മീ കൂട്ടിച്ചേർത്ത് 1837. 00 ച. മീ വിസ്തൃതി ആക്കിയിട്ടുള്ളതായും

3/367C നമ്പർ കെട്ടിടത്തിന് 499.25 ആണെങ്കിലും ഇതോടൊപ്പം 1413.71 ച. മീ കൂട്ടിച്ചേർത്ത് 1912.96 ച. മീ വിസ്തൃതി ആക്കിയിട്ടുള്ളതായും 3/367D നമ്പർ കെട്ടിടത്തിന് 499.25 ആണെങ്കിലും ഇതോടൊപ്പം 1529.61 ച. മീ കൂട്ടിച്ചേർത്ത് 2028.86 ച. മീ വിസ്തൃതി ആക്കിയിട്ടുള്ളതായും, 2149.64 ച.മീ, 633.50 ച.മീ, 106.19 ച മീ വിസ്തൃതിയുള്ള 3 കെട്ടിടങ്ങൾ പുതിയതായി നിർമ്മിച്ചിട്ടുള്ളതായും GF 16.67 ച.മീ, FF FF 17.67ച.മീ എന്നിവ ചേർത്ത് 35.34 ച.മീ വിസ്തൃതിയുള്ള ഒരു കെട്ടിടം പുതിയതായി നിർമ്മിച്ചിട്ടുള്ളതായും കാണുന്നു. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായും അനധികൃതമായി ഫാം പ്രവർത്തിപ്പിക്കുന്നതായും കാണുന്നു. ടി അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല.

അദാലത്ത് നിർദേശം

അപേക്ഷകൻ 2 പുതിയ നിർമ്മിതികളുടെ ക്രമവൽക്കരണത്തിന് നൽകിയ അപേക്ഷകളിൽ ഒരെണ്ണത്തിന് ജില്ലാ ടൌൺ പ്ലാനറുടെ ലേഔട്ട് അപ്രൂവൽ ലഭിക്കുകയും രണ്ടാമത്തേതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നതായും സമിതി അംഗമായ അസി. ടൌൺ പ്ലാനർ റിപ്പോർട്ട് ചെയ്തു. നിലവിൽ നമ്പരിട്ടിട്ടുള്ള ഷെഡുകളിൽ കോഴികുഞ്ഞുങ്ങളെ വളർത്തുന്ന സാഹചര്യത്തിലും പുതുതായി പണിയുന്ന കെട്ടിടങ്ങൾക്ക് ക്രമവൽക്കരിക്കുന്നതിനുള്ള നടപടിക്രമം നടന്നുവരുന്ന സാഹചര്യത്തിലും 31.03.2024 വരെ ഉണ്ടായിരുന്ന ലൈസൻസ് പുതുക്കി നൽകുന്നതിന് തടസ്സമില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

**4. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ആവശ്യമായ അനുമതികൾ ലഭിച്ചിട്ടില്ല.**

അദാലത്ത് നിർദേശം

ചട്ടങ്ങൾ പ്രകാരം ആവശ്യമായ ഏത് അനുമതികളാണ് അപേക്ഷകൻ ലഭ്യമാക്കാത്തതെന്ന് 4-◌ാ◌ാം ഖണ്ഡികയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ K Smart മുഖേന അപേക്ഷകൻ സമർപ്പിക്കുന്ന പുതിയ അപേക്ഷയോടൊപ്പം നിലവിലുണ്ടായിരുന്ന ലൈസൻസ് പുതുക്കുന്നതിന് എന്തെല്ലാം രേഖകളും അനുമതികളും ആവശ്യമാണെന്ന് സെക്രട്ടറി അപേക്ഷകനെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്. നിലവിൽ നികുതി ഈടാക്കി വന്ന കെട്ടിടങ്ങളുടെ നികുതി അടവാക്കുന്നതിന് K Smartൽ സെക്രട്ടറി നടത്തിയ തടസ്സങ്ങൾ അടിയന്തിരമായി പരിഹരിച്ച് ടി കെട്ടിടങ്ങളുടെ നികുതി ഈടാക്കേണ്ടതാണ്.

5 ബഹു. എൽ എസ് ജി ഡി ട്രൈബ്യൂണൽ മുൻപാകെയുള്ള RP 08/2024, RP 28/2024, 55/2024, 644/23 നമ്പർ കേസുകൾ, ബഹു. ഇടുക്കി മുൻസിഫ് കോടതിയിൽ നിലവിലുള്ള OS 02/2024 നമ്പർ കേസ് എന്നിവയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

അദാലത്ത് നിർദേശം

ബഹു. എൽ എസ് ജി ഡി ട്രൈബ്യൂണൽ മുൻപാകെയുള്ള RP 08/2024, RP 28/2024, 55/2024, 644/23 നമ്പർ കേസുകൾ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ളതാണ്. ഇതിൽ അപേക്ഷകന് സ്റ്റേ ലഭിച്ചിട്ടുള്ളതാണെന്നും ഇതോടൊപ്പം പഞ്ചായത്ത് ചുമത്തിയ 50,000 രൂപയുടെ ഫൈൻ Greern Valley Paultry Farm ന്റെ പേരിൽ അടയ്ക്കുന്നതിന് തയ്യാറാണെന്നും സമിതി മുമ്പാകെ അപേക്ഷകൻ ബോധിപ്പിച്ചിട്ടുണ്ട്. ബഹു. ഇടുക്കി മുൻസിഫ് കോടതിയിൽ നിലവിലുള്ള OS 02/2024 നമ്പർ കേസിന് ടി ഫാമുകളുടെ ലൈസൻസുമായി ബന്ധപ്പെട്ട് നേരിട്ട് ബന്ധമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലും ബഹു. LSGD ട്രിബ്യൂണൽ മുമ്പാകെയുള്ള കേസുകൾ പഞ്ചായത്ത് ലൈസൻസ് അനുവദിക്കുന്ന പക്ഷം പിൻവലിക്കുന്നതാണെന്ന് അപേക്ഷകൻ സമിതി മുമ്പാകെ അറിയിച്ച സാഹചര്യത്തിലും ഖണ്ഡിക 5 പ്രകാരം സെക്രട്ടറി ഉന്നയിച്ച തടസ്സം അദാലത്ത് സമിതി തള്ളിക്കളയുന്നു.

അദാലത്ത് തീരുമാനം

ശ്രീ ഷാജു സെബാസ്റ്റ്യന്റെ അപേക്ഷയിൻമേൽ സെക്രട്ടറി ഉന്നയിച്ച 2 മുതൽ 5 വരെയുള്ള തടസ്സങ്ങൾ ടിയാന്റെ ലൈസൻസ് അപേക്ഷ തള്ളിക്കളയുന്നതിന് നിയമപരമായ കാരണങ്ങളല്ലെന്ന് അദാലത്ത് സമിതിക്ക് ബോദ്ധ്യപ്പെട്ടു .സെക്രട്ടറിയുടെ കത്തിൽ 1[illegible]ം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഇടുക്കി സബ് കളക്ടറുടെ ക്ലിയറൻസിനോടൊപ്പം അപേക്ഷകൻ K Smart മുഖേന സമർപ്പിക്കുന്ന അപേക്ഷയിൽ Ease of doing Business എന്ന നയത്തിന്റെ വെളിച്ചത്തിൽ സമയ ബന്ധിതമായി പരിശോധിച്ച് ലൈസൻസ് അനുവദിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഫയൽ തീർപ്പാക്കുന്നു.

കൺവീനർ

സിറ്റിസൺ അദാലത്ത് സമിതി

IVO 3, LSGD, ഇടുക്കി

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603